# NATIONAL HEALTH MISSION
District Programme Management Support Unit
II Floor, Civil Station, Kannur-2
Phone: 0497 2709920 email:dpmknr@gmail.com


നം.ഡി.പി.എം.എസ്.യു-കെ.എൻ.ആർ/708/സി.ഡി.ഇ.ഒ 1/2017. തീയ്യതി. 20.09.2017.

## ടെണ്ടർ നോട്ടീസ്

ഒരു ഇന്നോവ എ.സി. ടാക്സി വാഹനം (വെളുത്ത വാഹനം, 7 സീററ്) കരാറടിസ്ഥാനത്തിൽ വാടകയ്ക്ക് എടുക്കുന്നതിനു വേണ്ടി നിർദ്ദിഷ്ട ഫോറത്തിൽ താഴെപറയുന്ന നിബന്ധനകൾക്ക് വിധേയമായി വാഹന ഉടമകളിൽ നിന്നും/ഏജൻസികളിൽ നിന്നും ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു.

1. വാടകയ്ക്കുള്ള കരാർ ഒരു വർഷത്തേക്കായിരിക്കും. ഒരു മാസത്തേക്കുള്ള വാടകയാണ് ടെണ്ടറിൽ കുറിക്കേണ്ടത്. നിർദ്ദിഷ്ട ഫോറത്തിലുള്ള ടെണ്ടർ മാത്രമേ സ്വീകരിക്കുകയുള്ളൂ. ടെണ്ടർഫോറം ലഭിക്കുന്നതിനും മറ്റ് വിശദവിവരങ്ങൾക്കും ആരോഗ്യകേരളം, സിവിൽ സ്റ്റേഷൻ, കണ്ണൂർ ആഫീസിൽ അന്വേഷിക്കുകയോ, **www.arogyakeralam.gov.in** എന്ന വെബ്ബ് സൈററിൽ നിന്ന് ഡൗൺ ലോഡ് ചെയ്യുകയോ ചെയ്യേണ്ടതാണ്. ടെണ്ടറിന്റെകൂടെ ഡിസ്ട്രിക്ട് ഹെൽത്ത് & ഫാമിലി വെൽഫേർ സൊസൈറ്റി, കണ്ണൂർ എന്ന പേരിൽ നിരതദ്രവ്യമായി ടെണ്ടറിൽ കുറിക്കുന്ന പ്രതിമാസതുകയുടെ 12 ഇരട്ടിയുടെ 1 ശതമാനം എന്ന കണക്കിൽ ഏറ്റവും കുറഞ്ഞത് 5000 രൂപയുടെ ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽനിന്നും എടുത്ത കണ്ണൂരിൽ മാറാവുന്ന ഒരു ഡി.ഡി.യും വാഹനത്തിന്റെ രജിസ്ട്രേഷന്റെയും, ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റിന്റേയും, ടാക്സി പെർമിറ്റിന്റേയും, ഇൻഷുറൻസ്, ടാക്സ്, പൊല്യൂഷൻ കൺട്രോൾബോർഡ് സർട്ടിഫിക്കറ്റ് എന്നിവയുടേയും കോപ്പി സമർപ്പിക്കേണ്ടതാണ്. വാഹനത്തിനുള്ള ടെണ്ടർ വാഹന ഉടമയല്ല സമർപ്പിക്കുന്നത് എങ്കിൽ വാഹനം വാടകയ്ക്ക് നൽകുന്നതിന് ഉടമ ഏജൻസിക്ക്/കോൺട്രാക്ടർക്ക് 200 രൂപ മുദ്രകടലാസ്സിൽ നിർദ്ദിഷ്ട അധികാരപത്രം നൽകേണ്ടതും അതിന്റെ പകർപ്പ് ടെണ്ടറിനൊപ്പം സമർപ്പിക്കേണ്ടതുമാണ്.
2. നിർദ്ദിഷ്ട ഫോറത്തിലുള്ള ടെണ്ടർ പ്രത്യേകം കവറിനുള്ളിലാക്കി ജില്ലാ പ്രോഗ്രാം മാനേജർ, ആരോഗ്യകേരളം, സിവിൽ സ്റ്റേഷൻ, കണ്ണൂർ എന്ന വിലാസത്തിൽ നൽകേണ്ടതും കവറിനുമുകളിൽ "വണ്ടി വാടകയ്ക്ക് നൽകുന്നതിനുള്ള ടെണ്ടർ" എന്ന് എഴുതേണ്ടതുമാണ്.
3. **ടെണ്ടർ ഈ ആഫീസിൽ സ്വീകരിക്കുന്ന അവസാന തീയ്യതി 28.09.2017 ന് വ്യാഴാഴ്ച ഉച്ചയ്ക്കുശേഷം 3 മണിവരെ ആയിരിക്കും.** ലഭ്യമാകുന്ന ടെണ്ടറുകൾ അന്നു തന്നെ തുറന്നു പരിശോധിക്കുന്നതാണ്. ടെണ്ടർ തുറക്കുന്ന സമയം കോൺട്രാക്ടർമാർക്കോ അല്ലെങ്കിൽ അവരുടെ പ്രതിനിധികൾക്കോ ഹാജരാകാവുന്നതാണ്. നിർദ്ദിഷ്ട ഫോറത്തിലല്ലാത്തതും ആവശ്യമായ നിരതദ്രവ്യം അടക്കാത്തതും മറ്റ് നിബന്ധനകൾ പാലിക്കാത്തതും ആയ ടെണ്ടറുകൾ അപ്പോൾ തന്നെ നിരാകരിക്കുന്നതും സാധുവായ മറ്റ് ടെണ്ടറുകൾ പരിശോധിക്കുന്നതും 7 ദിവസത്തിനുള്ളിൽ ടെണ്ടറിലുള്ള തീരുമാനം കൈക്കൊള്ളുന്നതുമാണ്.
4. പുതിയ വാഹനത്തിന് മുൻഗണന നൽകുന്നതാണ്. പുതുക്കിയ രജിസ്ട്രേഷനും, ടാക്സി പെർമിറ്റും, ഇൻഷുറൻസ്, റോഡ് ടാക്സ്, തുടങ്ങിയവ യഥാസമയം അടച്ചതുമായ വാഹനങ്ങളെ മാത്രമേ പരിഗണിക്കുകയുള്ളൂ സാധാരണയായി ഏറ്റവും കുറഞ്ഞ തുക കാണിക്കുന്നതും ന്യായമായതും മാർക്കറ്റ് നിരക്കിന് അനുസൃതമായതുമായ ടെണ്ടറാണ് സ്വീകരിക്കുക. എന്നാൽ ഏതെങ്കിലും കാരണവശാൽ അത്തരത്തിലുള്ള ടെണ്ടർ പരിഗണിക്കാതിരിക്കാൻ തക്ക കാരണം ഉണ്ടെങ്കിൽ ആയതിനുള്ള അധികാരം ജില്ലാ പ്രോഗ്രാം മാനേജർക്കായിരിക്കും.
5. ഡ്രൈവർ ഉൾപ്പെടെ വണ്ടിയുടെ സേവനം ആവശ്യത്തിന് എല്ലാ ദിവസവും (ആവശ്യമെങ്കിൽ ഞായറാഴ്ച ഉൾപ്പെടെ 24 മണിക്കൂറും) ലഭ്യമാക്കേണ്ടതാണ്. ആവശ്യപ്പെടുന്ന സ്ഥലങ്ങളിലെല്ലാം വണ്ടി ഓടേണ്ടതാണ്. വാടകയ്ക്ക് എടുക്കുന്ന വണ്ടി പ്രതിമാസം പരമാവധി 3000 കി.മീ. വരെ ഉപയോഗപ്പെടുത്തുന്നതാണ്. (3000 കി.മീറ്ററിൽ കൂടുതൽ ഓടേണ്ടി വരികയോ അല്ലെങ്കിൽ 3000 കി.മീറ്ററിൽ കുറവ് ഓടുന്ന അവസ്ഥയിലോ ആയത് ഒരു വർഷക്കാലത്തേക്ക് ഒരു ബ്ലോക്കായി കണക്കാക്കി 3000 കി.മീ. ശരാശരി ആയിരിക്കും കണക്കിലെടുക്കുന്നത്). ഒരു വർഷക്കാലയളവിൽ ശരാശരി പ്രതിമാസം 3000 കി.മീറ്ററിൽ കൂടുതൽ (അതായത് ഒരു വർഷം ആകെ 36000 കിലോമീറ്ററിൽ കൂടുതൽ) വണ്ടി ഓടുകയാണെങ്കിൽ അങ്ങനെ കൂടുതൽ ഓടുന്ന ഓരോ കി.മീറ്ററിനും ലഭിക്കേണ്ട വാടക കൂടി ടെണ്ടർ ഫോറത്തിൽ കാണിക്കേണ്ടതാണ്.
6. ടെണ്ടറിൽ വണ്ടിക്കുള്ള പ്രതിമാസ വാടക, ഇന്ധനച്ചിലവ്, ഡ്രൈവറുടെ വേതനം, വണ്ടിയയുടെ മെയ്ന്റനൻസ് തുടങ്ങിയവ ഉൾപ്പെടെയുള്ള വാടകയായിരിക്കണം കാണിക്കേണ്ടത്. ഡ്രൈവറെ കാരുകാരൻ നീയമിച്ച് ശമ്പളം നൽകേണ്ടതാണ് പ്രതിമാസ വാടകയിൽ നിന്നും നിയമാനുസൃതമായ നികുതികൾ ഈടാക്കുന്നതാണ്.
7. വണ്ടി നല്ല റണ്ണിംഗ് കണ്ടീഷൻ ഉള്ളതായിരിക്കണം.
8. വണ്ടിക്ക് ടാക്സി പെർമിറ്റ് ഉണ്ടായിരിക്കേണ്ടതാണ്.